# സമാധാനം - അത് എങ്ങനെ കൈവരും?

## PEACE – HOW IT WILL COME



**വാളുകളെ കൊഴുക്കളായി അടിച്ചുതീർക്കുന്നു**

**നിങ്ങൾക്കറിയാമോ :** രാഷ്ട്രങ്ങൾ തമ്മിൽ ലോകവ്യാപകമായി ശാശ്വത സമാധാനം പുലർന്നു കാണുവാൻ ആളുകൾ പൊതുവിൽ ആഗ്രഹിക്കുന്നു എന്നും എന്നാൽ ആ ലക്ഷ്യം നേടുക ശ്രമകരമാണെന്നും ഉള്ള വസ്തുത നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

മനുഷ്യരാശിയുടെ വംശനാശത്തിനു തന്നെ ഇടയാക്കാവുന്ന അതീവ മാരകമായ ആയുധങ്ങൾ, വിശേഷിച്ച് ആണവ മിസൈലുകൾ, ന്യൂട്രോൺ ബോംബുകൾ മുതലായവയുടെ തുടർന്നു കൊണ്ടിരിക്കുന്ന വർദ്ധനവിനെ അനേകരും ഭയാശങ്കകളോടെയാണ് വീക്ഷിക്കുന്നത്.

ഇത് ജാതികളുടെ ഇടയിൽ വിളിച്ചു പറവിൻ; വിശുദ്ധ യുദ്ധത്തിന് ഒരുങ്ങിക്കൊൾവിൻ; നിങ്ങളുടെ കൊഴുക്കളെ വാളുകളായും വാക്കത്തികളെ കുന്തങ്ങളായും അടിപ്പിൻ! ദുർബ്ബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ (യോവേ. 3:9,10) എന്ന വേദപ്രവചനത്തിന്റെ നിവൃത്തിയിലേക്കാണ് ഈ ആയുധക്കൂമ്പാരം വിരൽ ചൂണ്ടുന്നത്.

അണ്വായുധങ്ങൾ ഉൾപ്പെടെ എല്ലാവിധ ആയുധങ്ങളും ഉണ്ടാക്കുന്നതും ശേഖരിക്കുന്നതും കുറവുചെയ്യണമെന്ന് ലോകവ്യാപകമായി ആഗ്രഹിക്കുന്നുണ്ടെങ്കിലും മതിയായ പരിശോധന അസാധ്യമാണെന്നും, ഏതെങ്കിലും രാഷ്ട്രം രഹസ്യമായി ആയുധശേഷി പെരുപ്പിക്കുന്നതു തുടർന്നു പോകാമെന്നും ഓരോ രാഷ്ട്രവും ഭയപ്പെടുന്നു. വൻകിട ലോക

ശക്തികൾ കൂടിയാലോചനകളിലൂടെ അണ്വായുധങ്ങളുടെയും മാരകമായ മറ്റു യുദ്ധക്കോപ്പുകളുടെയും നിർമ്മാണത്തിലും സംഭരണത്തിലും ചെറിയൊരളവിൽ വെട്ടിക്കുറവു വരുത്തിയാലും രാഷ്ട്രങ്ങൾ തമ്മിലുള്ള ശാശ്വതമായ ശാന്തിയും സമാധാനവുമെന്ന ലക്ഷ്യം നേടുവാൻ സാധിക്കാതെ അങ്ങനെയുള്ള നിരായുധീകരണ ചർച്ചകൾ പരാജയപ്പെടുകയേ ഉള്ളൂ.

ഇന്നു ഭൂമിയിൽ നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ ഇപ്പോഴത്തെ ദുഷ്ടലോകം എന്നും സാത്താനെ ഈ ലോകത്തിന്റെ ദൈവം എന്നും ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നു (ഗലാ. 1:4; യോഹ. 14:30; 2 കൊരി.4:4).

സാത്താനെയും അവന്റെ ദുർഭരണത്തെയും നിഷ്ക്കാസനം ചെയ്യാൻ ദൈവം ശക്തനെങ്കിലും അവിടുന്ന് തിന്മ അനുവദിച്ചിരിക്കുകയാണ്. ദൈവജനം ഉൾപ്പെടെ സകലരേയും ചില വിലപ്പെട്ട പാഠങ്ങൾ അഭ്യസിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ദൈവം തിന്മ അനുവദിച്ചതിന്റെ പിന്നിലുള്ള ലക്ഷ്യം ഇപ്പോൾ മിക്കവാറും സാധിച്ചുകഴിഞ്ഞിരിക്കെ സാത്താന്റെ ദുഷ്ടസാമ്രാജ്യത്തെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ സമയം വന്നെത്തിയിരിക്കുന്നു.

ലോകാരംഭം മുതൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത മഹാകഷ്ടകാലം 1914–മുതൽ വന്നിരിക്കുകയാണ് (ദാനി.12:1). അതിന്റെ പരിസമാപ്തിക്കു മുമ്പു തന്നെ സാത്താന്റെ ദുർഭരണം അവസാനിപ്പിക്കുന്നതാണ്.

ദൈവത്തിന്റെ സത്യസഭയെ പ്രതിനിധീകരിക്കുന്ന ഏലിയാ പ്രവാചകന് ഒരിക്കൽ വിനാശകരമായ ഒരു കൊടുങ്കാറ്റിന്റേയും ഭൂകമ്പത്തിന്റേയും അഗ്നിയുടേയും ദർശനം ഉണ്ടായി. സാത്താന്റെ സാമ്രാജ്യം തകർത്ത് അതുവഴി മനുഷ്യനെ വിനീത ബുദ്ധിയാക്കി യഥാർത്ഥ സമാധാനത്തിന്റെ മൃദുലമായ ദൈവശബ്ദം കേൾക്കാൻ അവനെ ഒരുക്കുന്ന മഹായുദ്ധത്തിന്റേയും വിപ്ലവത്തിന്റേയും അരാജകത്വത്തിന്റേയും ദർശനം സഭയ്ക്കുണ്ടാകുന്നതിന്റെ പ്രാവചനിക ചിത്രമാണിത് (1 രാജാ. 19:11,12).

ഉപദ്രവകാലത്തിനു ശേഷമുള്ള ഒരു വീക്ഷണസ്ഥാനം സ്വീകരിച്ചു കൊണ്ട് സങ്കീർത്തനക്കാരൻ പ്രാവചനികമായി ഇപ്രകാരം പറയുന്നു. “വരുവിൻ യഹോവയുടെ പ്രവർത്തികളെ നോക്കുവിൻ. അവൻ ഭൂമിയിൽ എത്ര ശൂന്യത വരുത്തിയിരിക്കുന്നു. അവൻ ഭൂമിയുടെ അറ്റം വരെയും യുദ്ധങ്ങളെ നിർത്തൽ ചെയ്യുന്നു. അവൻ വില്ലൊടിച്ചു കുന്തം മുറിച്ചു രഥങ്ങളെ തീയിലിട്ടു ചുട്ടു കളയുന്നു. മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞു കൊൾവിൻ. ഞാൻ ഭൂമിയിൽ ഉന്നതനാകും”. (സങ്കീ. 46:9–11).

1914-നു ശേഷം ലോകമഹായുദ്ധത്തിന്റെ രണ്ടു ഘട്ടങ്ങളും വലിയ വിപ്ലവങ്ങളും അരാജകത്വവും നാം കണ്ടുകഴിഞ്ഞു. ലോകവ്യാപകമായ ഈ മഹോപദ്രവ കാലഘട്ടത്തിൽ കൂടുതൽ വിനാശകരമായ സംഭവങ്ങൾ ഉടലെടുക്കാനിരിക്കുന്നു. ദൈവം അവയെ തടയാതിരിക്കുന്ന പക്ഷം മനുഷ്യരാശിയുടെ വംശനാശത്തിൽ അത് പര്യവസാനിക്കും. എന്നാൽ ദൈവം ഇടപെട്ട് യേശുവും സഭയും മുഖാന്തരം ചുരുക്കം ചിലരെ ഈ വിപത്തിൽ നിന്ന് വിടുവിക്കും (മത്താ. 24:21, 22; സെഫ. 2:3; 3:8,9).

ഈ കർത്താവിൻ ദിനത്തിലെ വിനാശകരമായ മഹോപദ്രവത്തിന്റെ (അഗ്നി) ഫലമായി ഇപ്പോഴുള്ള ദുഷ്ടലോകം അതിന്റെ മിഥ്യയായ മത തന്ത്രങ്ങളോടും (ആകാശങ്ങൾ) സാമൂഹിക വ്യവസ്ഥിതികളോടും (ഭൂമി) കൂടി സമ്പൂർണ്ണമായി നശിപ്പിക്കപ്പെടുകയും തൽസ്ഥാനത്ത് യേശുവിന്റേയും സഭയുടേയും ഉപദേശത്തിൽ അധിഷ്ഠിതമായ പുതിയ മതവും (പുതിയ ആകാശം) അവരുടെ നിയന്ത്രണത്തിലുള്ള പുതിയ സാമൂഹിക വ്യവസ്ഥിതിയും (നീതിവസിക്കുന്ന പുതിയ ഭൂമി) അധികാരത്തിൽ വരികയും ചെയ്യും (2 പത്രൊ. 3:7-13; യെശ. 25:6-9; 35; 65:17-25; ദാനി.2).

എബ്രാ. 12:26-28 വരെയുള്ള ഭാഗങ്ങളിൽ ഇതേ ഉപദ്രവ കാലത്തെ ത്തന്നെ ഒരു ഭൂകമ്പമെന്ന നിലയിൽ വർണ്ണിച്ചിരിക്കുന്നു. സത്യത്തിലും നീതിയിലും അധിഷ്ഠിതമല്ലാത്തതെല്ലാം ഇളകിമാറുകയും ഭദ്രമായ അടിസ്ഥാനമുള്ളവ (ദൈവരാജ്യത്തിന് അനുയോജ്യമായവ) മാത്രം നിലനിൽക്കുകയും ചെയ്യുമാറ് അത് ആകാശഭൂമികളെ വല്ലാതെ പ്രകമ്പനം കൊള്ളിക്കും. അങ്ങനെ സകല ജാതികളുടെയും ആഗ്രഹമായ പുതിയ ഭരണകൂടം ഭൂമിയിൽ അധികാരത്തിൽ വരും (ഹഗ്ഗാ. 2:6,7; റോമ. 8:19-22).

സമാധാനത്തിന്റെ മഹാപ്രഭുവായ യേശു ഭൂമിയിൽ പുതിയ ഭരണം സ്ഥാപിക്കും. സകലരാജ്യങ്ങളിലേയും ജനാവലി അതിലേക്കു ഒഴുകി ചെല്ലും. അവിടെ അവർ തങ്ങളുടെ വാളുകളെ കൊഴുക്കളാക്കി അടിച്ചു തീർക്കും. ജാതി ജാതിക്കുനേരെ വാളോങ്ങുകയില്ല. അവർ മേലിൽ യുദ്ധം അഭ്യസിക്കുകയും ഇല്ല. അവർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും (യെശ. 2:2-4; 9:6,7; സങ്കീ.22:27-29;72;86:9; മീഖാ. 4:1-4). ഇതായിരിക്കും യഥാർത്ഥവും നിത്യമായി നിലനിൽക്കുന്നതുമായ ആഗോള സമാധാനം!

ലോകവ്യാപകമായി സകലജാതികൾക്കും അന്തിമമായി സമാധാനം കൈവരുത്തുന്നതിലുപരി ദൈവത്തിലും തന്നിലും വിശ്വാസമർപ്പിക്കുന്നവർക്കാകെ യേശു സമാധാനം നൽകും. ഒരുവൻ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം അവൻ ഒന്നാമതു ദൈവമുണ്ടെന്നും തന്നെ സൂക്ഷ്മതയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം കൊടുക്കുന്നവനാണെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു (എബ്രാ. 11:6).

മരണത്തിനു വിധിക്കപ്പെട്ട ആദാമ്യ വർഗ്ഗത്തിൽപെട്ട പാപികളാണ് നാം ഏവരും എന്നു നാം അംഗീകരിക്കുകയും നമ്മുടെ പാപങ്ങളുടെ പേരിൽ നാം പശ്ചാത്തപിക്കുകയും യേശുവിനെ വ്യക്തിപരമായി നമ്മുടെ രക്ഷകനായി സ്വീകരിക്കുകയും അങ്ങനെ നമ്മുടെ പാപങ്ങൾക്കു ക്ഷമയും വിശ്വാസത്താലുള്ള നീതീകരണവും പ്രാപിക്കുകയും വേണം (അപ്പൊ. 20:21). വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമുക്ക് ദൈവത്തോട് ക്രിസ്തു മൂലം സമാധാനം (അവനോട് കൂട്ടായ്മയും 1 യോഹ. 1:3-7) ഉണ്ട്. അവൻ മൂലം നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവതേജസിന്റെ പ്രത്യാശയാൽ നാം സന്തോഷിക്കുകയും ചെയ്യുന്നു (റോമ. 5:1,2).

നാം നമ്മുടെ ജീവിതം ഉടമ്പടി ചെയ്ത് ദൈവത്തിനു സമർപ്പിക്കുന്ന പക്ഷം (സദൃ. 23:26; മത്താ. 16:24; റോമ.12:1) നമ്മുടെ ഹൃദയത്തിനും മനസ്സിനും ഒരു സ്വസ്ഥത അല്ലെങ്കിൽ പ്രസന്നത ലഭിക്കും. മാത്രമല്ല ഹൃദയവും മനസ്സും ദൈവസമാധാനത്താൽ നിറയും. ഭയാനകമായ ഈ ലോകത്തിൽ ഭയത്തിന് അതീതരായിരിക്കാനും നമ്മുടെ ഹൃദയങ്ങളേയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കുവാനും സകല ബുദ്ധിയേയും കവിയുന്ന ആ ദൈവസമാധാനം സഹായകമാകും (സങ്കീ. 119:165; യെശ. 26:3,4; യോഹ. 14:27; ഫിലി. 4:6, 7; കൊലൊ. 3:15).

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |



Visit us at : **www.biblestandardindia.com** (For private circulation only)